**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 180** **07-06-2021 - ൽ മറുപടിയ്ക്ക്**

**പാനൂരിലെ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | പാനൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയതുമായി ബന്ധപ്പെട്ട നടപടികൾ എവിടെവരെയെത്തിയെന്ന് വിശദീകരിക്കാമോ; | (എ) | 16.11.2015 ലെ സർക്കാർ ഉത്തരവ് (കൈ) നം. 261/2015/ആ.കു.വ പ്രകാരം പാനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ക്യാഷ്വാലിറ്റി യൂണിറ്റുള്ള താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് 4 ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. ആശുപത്രിയിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോ ധിച്ചു വരുന്നുണ്ട്. |
| (ബി) | താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം പണിയുന്ന നടപടികൾ എവിടെവരെയെത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) | പാനൂർ താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ വാപ്കോസ് എന്ന ഏജൻ സിയെ ചുമതലപ്പെടുത്തി 24.12.2020 ലെ ജി.ഒ (ആർ.ടി)നം. 2387/2020/ ആ.കു.വ എന്ന ഉത്തരവ് പ്രകാരം 93,20,49,289/- രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മതിയായ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നടന്നു വരികയാണ്. |
| (സി) | നിലവിലെ ആശുപത്രിയിൽ സ്ഥലപരിമിതി കാരണം രോഗികളും ജീവനക്കാരും ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) | നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്നത് 96 സെന്റ് ഭൂമിയിലാണ്. സ്ഥല പരിമിതി മൂലം രോഗികളും ജീവനക്കാരും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ 02.03.2020 ലെ സ.ഉ.(സാധാ) നം. 469/2020/ ആ.കു.വ എന്ന ഉത്തരവ് പ്രകാരം പാനൂർ വില്ലേജിലെ റീ സർവ്വെ നമ്പർ 128/1, 128/2എ, 128/2ബി എന്നിവയിൽപ്പെട്ട 78.7 ആർസ് ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇത് പ്രകാരം ടി സ്ഥലം ഏറ്റെടുക്കുന്നതിന് 05.08.2020 ലെ സ.ഉ (സാധാ) 2517/ 2020/ ആർ.ഡി ഉത്തരവ് പ്രകാരം അനുമതി നൽകി സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ